## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6438 08.11.2016- ൽ മറുപടിക്ക്**

**"യുവ സംരംഭകർക്ക് വേണ്ടിയുള്ള സംരംഭകത്വ പ്രസ്ഥാനങ്ങൾ "**

**ചോദ്യം**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**

**ഉത്തരം**
**ശ്രീ. പിണറായി വിജയൻ**
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | നമ്മുടെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ സംരംഭകത്വ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) & ബി) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിവരസാങ്കേതിക/സാങ്കേതികാനുബന്ധ മേഖലകളിലെ വികസനത്തിനായി സ്റ്റാർട്ടപ്പ് ബോക്സുകൾ നൽകുക, അന്തർദ്ദേശീയ വിനിമയ പദ്ധതി, പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് തിരികെ നൽകുന്ന പദ്ധതി എന്നിവ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ വിദ്യാർത്ഥി/യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സംരംഭകത്വ വികസന ക്ലാസുകൾ, കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലന ശില്പശാലകളും സംഘടിപ്പിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി) ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. സംരംഭകത്വ സഹായ പദ്ധതി വഴി യുവസംരംഭകർക്ക് ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് ധനസഹായവും 5% അധിക സബ്സിഡിയും കൂടി 20% നൽകി വരുന്നു. |
| ബി) | യുവ സംരംഭകർക്ക് വേണ്ടിയുള്ള പദ്ധതികൾ വിശദീകരിക്കാമോ; | | |
| സി) | ബിരുദധാരികളായ യുവതി യുവാക്കളായ സംരംഭകർക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകാൻ പദ്ധതികളുണ്ടോ; അവ വിശദീകരിക്കാമോ? | സി) | ബിരുദധാരികൾക്കായി പ്രത്യേക പദ്ധതികൾ നിലവിലില്ല . |

**സെക്ഷൻ ഓഫീസർ**